I. ഇ.ബി. XV-കേരള നിയമസഭ/XVI-4

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ജനുവരി 27, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 5723-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 24-03-2025-ലെ നക്ഷത്രചിഹ്നമിടാത്ത 5723-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസ് പയ്യന്നൂരിൽ പ്രതിഷേധം നടത്തിയ കോൺഗ്രസ് പ്രവർത്തകരെ സി.പി.ഐ.(എം) പ്രവർത്തകർ മർദിച്ച് പരിക്കേൽപ്പിച്ചുവെന്ന് പറയപ്പെടുന്ന സംഭവത്തെ സംബന്ധിച്ചാണ്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ പര്യാപ്തമായ അടിയന്തര പ്രാധാന്യമുള്ളതല്ലാത്തതിനാൽ അനുമതി നൽകാൻ സാധിക്കില്ല. ആദ്യത്തെ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

ലേബർ കോഡുകൾ പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തൽ

ശ്രീ. പി. നന്ദകുമാർ: രാജ്യത്ത് തൊഴിൽ മേഖലയിൽ നിലവിലുണ്ടായിരുന്ന സേവന-വേതന വ്യവസ്ഥകൾ ലംഘിക്കുന്നതും തൊഴിൽ സുരക്ഷിതത്വം തകർക്കുന്നതുമായ

നാല് ലേബർ കോഡുകൾ പിൻവലിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. തൊഴിൽ നിയമങ്ങളുടെ ലംഘനം പരിശോധിക്കുന്ന ഉദ്യോഗസ്ഥരുടെ അധികാരം പരിമിതപ്പെടുത്തിയതും തസ്തിക പുനർനാമകരണം ചെയ്തതും ഇ.എസ്.ഐ., പി.എഫ്. വിഹിതത്തിലും ആനുകൂല്യങ്ങളിലും മാറ്റം വരുത്തിയതും പുനഃപരിശോധിക്കപ്പെടണം. തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം തൊഴിലാളിവിരുദ്ധ നിയമം റദ്ദുചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ രൂപം നൽകിയ നാല് ലേബർ കോഡുകൾ ഐ.എൽ.ഒ.-യുടെ നിർദേശങ്ങൾക്ക് വിരുദ്ധമാണ്. ഒരു ദിവസത്തെ ജോലിക്ക് കുറഞ്ഞത് 700 രൂപ വേതനം ലഭ്യമാക്കണമെന്ന ആവശ്യം അട്ടിമറിച്ച് കോർപ്പറേറ്റുകളെ സഹായിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ലേബർ കോഡുകൾക്കെതിരെ സംസ്ഥാന സർക്കാർ ലേബർ കോൺക്ലേവ് സംഘടിപ്പിച്ചിരുന്നു. തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും തൊഴിലാളി വിരുദ്ധ നിയമം റദ്ദുചെയ്യാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

(നോട്ടീസ് നൽകിയ അംഗം ശ്രീമതി കെ. കെ. രമ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV. സബ്മിഷൻ

1. കടൽ പുറമ്പോക്കിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

ശ്രീ. പി. പി. ചിത്തരഞ്ജൻ: അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ കടൽ പുറമ്പോക്കിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ചു)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർക്കാർ പുറമ്പോക്കിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചുവരുന്നവരുടെ കൈവശാവകാശ രേഖകളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് പട്ടയ ഡാഷ്ബോർഡിൽ ചേർക്കുകയും അപ്രകാരം ലഭിച്ച അമ്പലപ്പുഴ താലൂക്കിലെ 39-ഉം ചേർത്തല താലൂക്കിലെ 121-ഉം അപേക്ഷകൾ കടൽക്കര പുറമ്പോക്ക് കേസുകളായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ആര്യാട് തെക്കേ

വില്ലേജിലെ ഹൈഡൈഡ് ലൈൻ നിശ്ചയിച്ചിട്ടുള്ളതും അർഹതയുള്ള 6 കൈവശക്കാരെ കണ്ടെത്തിയിട്ടുള്ളതുമായ ഭൂമി ഇനം മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കലവൂർ വില്ലേജിൽ 11 കൈവശക്കാരുടെ അർഹത പരിശോധിക്കുന്നതിനുള്ള ഹൈഡ്രോഗ്രാഫിക് സർവേ നടപടി പുരോഗമിച്ചുവരികയാണ്. അൺസർവേയ്ഡ് ലാൻഡിൽ സ്ഥിതിചെയ്യുന്ന കലവൂർ വില്ലേജിലെ 22 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി കേരള സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 961 അനുസരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിപ്പിച്ച് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിഷയം കാലതാമസമില്ലാതെ പരിഹരിക്കാൻ കഴിയുന്നതാണ്.

(2) മോഡേൺ റൈസ് മിൽ

ശ്രീ. പി. പി. സുമോദ്: കാവശ്ശേരി പഞ്ചായത്തിലെ കല്ലേപ്പുള്ളിയിൽ കെൽപാം മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കെൽപാം മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകി തുക വകയിരുത്തിയിരുന്നെങ്കിലും സ്ഥാപനം കമ്മീഷൻ ചെയ്തതിനുശേഷം മാത്രമെ മുഴുവൻ തുകയും അനുവദിക്കാൻ വ്യവസ്ഥ ചെയ്തിരുന്നുള്ളൂ. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെൽപാം കെൽ-മായി കാരാറിലേർപ്പെടുകയും ഡി.പി.ആർ. പ്രകാരമുള്ള തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള 3,11,60,000 രൂപയുടെ പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. അനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. മിൽ പ്രവർത്തനസജ്ജമാക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി, സ്ഥലം എം.എൽ.എ. എന്നിവരുടെ സംയുക്തയോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

(3) മുളങ്കുന്നത്തുകാവിൽ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനും സഹകരണ സ്പിന്നിങ് മിൽസിലെ ലേ ഓഫ് അവസാനിപ്പിക്കുന്നതിനും നടപടി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുളങ്കുന്നത്തുകാവിലെ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി വിട്ടുകിട്ടുന്നതിനും കോമൺ ഫെസിലിറ്റി സെന്റർ യാഥാർത്ഥ്യമാക്കുന്നതിനും വിരുപ്പാക്കയിലെ സഹകരണ സ്പിന്നിങ് മിൽസിലെ ലേ ഓഫ് അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടി

സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കെൽട്രോണിന്റെ അടച്ചുപൂട്ടിയ ഉപകമ്പനികളുടെ കൈവശമുണ്ടായിരുന്ന ഭൂമി സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലായിരുന്നു. നിലവിൽ കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പുസെക്രട്ടറിയുമായി നടത്തിയ ധാരണയുടെ അടിസ്ഥാനത്തിൽ 5 ഏക്കർ ഭൂമി സിമെറ്റിന് നൽകാനും 7.19 ഏക്കർ ഭൂമിയിൽ ജോയിന്റ് വെഞ്ച്വർ എന്ന നിലയിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാനും മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. രണ്ട് കമ്പനികൾക്കുമെതിരെ ഹൈക്കോടതി പുറപ്പെടുവിച്ചിരുന്ന വൈന്റിങ്അപ് ഉത്തരവുകൾ പിൻവലിച്ചിട്ടുണ്ട്. കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ പ്രസ്തുത സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കുന്നതാണ്. തൃശ്ശൂരിൽ സഹകരണ സ്പിന്നിങ് മിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് പുതിയ കെട്ടിടം

ശ്രീമതി ശാന്തകുമാരി കെ.: കോങ്ങാട് നിയോജകമണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും പുതിയ കോളേജ് കെട്ടിടത്തിന്റെയും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനായി പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുകയുടെ പരിധി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനാനുമതി നൽകുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിന് കരാറുകാരൻ വിസമ്മതം അറിയിച്ചതിനെത്തുടർന്ന് പ്രവൃത്തി റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുകയും ഈ പ്രവൃത്തികൾക്ക് അനുവദിച്ച ധനാനുമതി തുക ഉയർത്തുന്നതുസംബന്ധിച്ച വിഷയം കിഫ്ബിയുടെ പരിഗണനയിലുമാണ്. കിഫ്ബിയിൽനിന്നും പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) വാഴ കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. ടി. പി. രാമകൃഷ്ണൻ: കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ

ചെറുവണ്ണൂർ കൃഷി ഭവൻ പരിധിയിൽ പ്രകൃതിക്ഷോഭംമൂലം വിളനാശം നേരിട്ട കർഷകർക്ക് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭ്യമാകേണ്ട നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ചെറുവണ്ണൂർ കൃഷി ഭവൻ പരിധിയിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ വിളനാശം സംഭവിച്ച കർഷകർക്ക് 2024-25 സാമ്പത്തിക വർഷം മേയ് മാസം വരെയുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുള്ള കർഷകർക്ക് 2024-25 സീസണിലെ തുക അനുവദിക്കുന്നതിന് അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കർഷകരുടെ വിവിധ പദ്ധതികളിലുള്ള കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(6) വിശ്വകർമ്മ വിഭാഗത്തിലെ പരമ്പരാഗത തൊഴിലാളികളുടെ പെൻഷൻ തുക വർധിപ്പിക്കൽ

ശ്രീ. കെ. പ്രേംകുമാർ: വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ പരമ്പരാഗത തൊഴിലാളികളുടെ പെൻഷൻ തുക 2000 രൂപയാക്കി വർധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവരും മറ്റ് പെൻഷനുകൾ ലഭിക്കാത്തവരുമായ 60 വയസ്സ് കഴിഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലാളികളുടെ പെൻഷൻ തുക 2026 ജനുവരി മാസം മുതൽ 2000 രൂപയാക്കി വർധിപ്പിച്ച് നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

## V. മേശപ്പുറത്ത് വച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI. റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ എഴുപത്തിമൂന്ന് മുതൽ എഴുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ.

(2) പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

## VII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ഡോ. കെ. ടി. ജലീൽ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളം ഇന്നുവരെ കൈവരിച്ചിട്ടില്ലാത്ത, സമാനതകളില്ലാത്ത പുരോഗതിയാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്. 580 കി.മീ ദൂരത്തിലുള്ള ആറുവരി ദേശീയപാതയുടെ നിർമ്മാണം, മംഗലാപുരം മുതൽ കൊച്ചി വരെയുള്ള ഗെയിൽ പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതി, കൊച്ചി-ഇടമൺ പവർ ഹൈവേ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി തുടങ്ങിയവ സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ വിദ്യാർഥികളുടെ എണ്ണം വർധിപ്പിക്കാനും ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുവിദ്യാഭ്യാസ മേഖലയുടെ നിലവാലം ഉയർത്താനും ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും അവയവമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി നടത്താനാവശ്യമായ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമാക്കി മാറ്റി ചരിത്രനേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിലൂടെ 462412 പേർക്ക് പുതിയതായി വീട് അനുവദിക്കുകയും 3 ലക്ഷം പേർക്കുകൂടി വീട് നൽകാനുള്ള പരിശ്രമം നടത്തുകയും ചെയ്യുന്നതിലൂടെ എല്ലാവർക്കും വീടെന്ന സ്വപ്നം യാഥാർഥ്യമാകുകയാണ്. 357868 പേർക്ക് പട്ടയം നൽകിയതിലൂടെ കേരളത്തിലെ 97 ശതമാനം ആളുകളും ഭൂവുടമകളായി മാറിയിട്ടുണ്ട്. സാർവത്രിക വിദ്യാഭ്യാസം നടപ്പിലാക്കിയതിലൂടെ 100 ശതമാനം സാക്ഷരത കൈവരിക്കാനും പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി വഴി 973 സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും സാധിച്ചത് മികച്ച നേട്ടങ്ങളാണ്. കേരളം ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികച്ച 42 സ്ഥാപനങ്ങളും ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും കേരളത്തിലാണെന്നത് അഭിമാനാർഹമാണ്. ഈ സർക്കാരിന്റെ കാലത്ത് 30 ലക്ഷം പേർക്ക് സൗജന്യചികിത്സ ലഭ്യമാക്കാനും ശിശുമരണ നിരക്ക് കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലിലൂടെ പൊതുവിതരണ സമ്പ്രദായത്തെ ജനോപകാരപ്രദമായി മാറ്റിയെടുക്കാനും അർഹരായവർക്ക് മുൻഗണനാ കാർഡുകൾ വിതരണം

ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണത്തിലും നെല്ല് സംഭരണത്തിലും കാലാനുസൃതമായി ഇടപെടാനും ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം എത്തിക്കുന്നതിനും 137 ആദിവാസി ഉന്നതികളിലേക്ക് സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കാനും സാധിച്ചത് അഭിമാനാർഹമാണ്. വയോജന മിഷൻ, ആശ്വാസ കിരണം, അഭയ കിരണം എന്നീ പദ്ധതികളിലൂടെ അർഹരായവർക്ക് സഹായങ്ങൾ ലഭ്യമാക്കാനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വൈജ്ഞാനിക കേരളം പദ്ധതിക്ക് രൂപം നൽകാനും സാധിച്ചത് അഭിനന്ദനാർഹമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി നിയമന ശിപാർശ ലഭിച്ചവരുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. ദേശീയപാതയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതഗതിയിലാക്കാനും സാമൂഹ്യ സുരക്ഷാ പെൻഷൻ കാലാനുസൃതമായി വർധിപ്പിച്ചുകൊണ്ട് കുടിശ്ശികയുൾപ്പെടെ വിതരണം ചെയ്യാനും സാധിച്ചത് ശ്രദ്ധേയമാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യ വികസനം എന്നീ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടമാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമാക്കി മാറ്റാനും പ്രതിബന്ധങ്ങൾ തരണം ചെയ്തുകൊണ്ട് വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബി വഴി സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ നടത്താനും പ്രതിശീർഷവരുമാനത്തിലും ആഭ്യന്തര ഉൽപാദനത്തിലും മുന്നേറ്റമുണ്ടാക്കാനും ജൽജീവൻ പദ്ധതി മുഖേന 42 ലക്ഷം ഗ്രാമീണർക്ക് കുടിവെള്ളം എത്തിക്കാനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് നടന്നുവരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവരാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ദേശീയപാത വികസനം, ഔട്ടർ റിങ് റോഡ്, സർവീസ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക വകയിരുത്താനും കേന്ദ്ര വിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിലും തനത് വരുമാനം വർധിപ്പിച്ച് വികസനവും അഭിവൃദ്ധിയും മെച്ചപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കിഫ്ബിവഴി

മാതൃകാപരമായ വികസനക്ഷേമ പദ്ധതികൾ സർക്കാർ നടപ്പാക്കിവരികയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും പശ്ചാത്തല സൗകര്യവികസനരംഗത്തും മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ചവച്ചിട്ടുള്ളത്. പഠന സാമഗ്രികളുടെ അപര്യാപ്തതകൊണ്ട് കേരളത്തിലെ ഒരു വിദ്യാർത്ഥിയുടെയും വിദ്യാഭ്യാസം മുടങ്ങിപ്പോകരുതെന്ന നിലപാടാണ് ഈ സർക്കാരിനുള്ളത്. ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതും ഡോ. ബി. ആർ. അംബേദ്കർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ കെട്ടിടത്തിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയതും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി നടപ്പാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിവരുന്നത്. ഗുരുവായൂർ അഴുക്കുചാൽ പദ്ധതി, റെയിൽവേ മേൽപ്പാലം, കോടതി സമുച്ചയം എന്നിവ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. എൻ.എച്ച്. 66-ന്റെ വികസനവും തീരദേശ ഹൈവേ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളും ആരംഭിക്കാനും കിഫ്ബിയിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പുന്നയൂർക്കുളം സബ് രജിസ്ട്രാർ ഓഫീസ്, സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്നിവ യാഥാർത്ഥ്യമാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ പത്ത് വർഷമായി വർഗീയ കലാപങ്ങൾ ഇല്ലാതെ സാമൂഹിക സമാധാനവും സുരക്ഷയും ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. 62 ലക്ഷം പേർക്ക് പ്രതിമാസം 2000 രൂപ വീതം ക്ഷേമ പെൻഷൻ നൽകുകയും ഓഖി, നിപ, പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തകാലങ്ങളിൽ ജനങ്ങൾക്കൊപ്പം കൈതാങ്ങായി നിലകൊള്ളുകയും സ്കൂളുകൾ അടച്ചുപൂട്ടാതെ സംരക്ഷിക്കുകയും ഉപേക്ഷിക്കപ്പെട്ട ഗെയിൽ പദ്ധതി നടപ്പാക്കുകയും ചെയ്തു. ദേശീയപാത നിർമ്മാണത്തിന്റെ 90 ശതമാനം പൂർത്തിയാക്കാനും തീരദേശ-മലയോര ഹൈവേയിലൂടെ രാജ്യാന്തര നിലവാരത്തിലുള്ള റോഡ് കണക്റ്റിവിറ്റി യാഥാർത്ഥ്യമാക്കാനും ലൈഫ് മിഷനിലൂടെ അഞ്ചര ലക്ഷം വീടുകൾ പൂർത്തിയാക്കാനും നാല് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യാനും സർക്കാരിന് സാധിച്ചത് സ്വാഗതാർഹമാണ്. പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായ ഐ.ടി. പാർക്കുകളും ലാഭകരമായി മുന്നോട്ടുകൊണ്ടുപോകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, വാട്ടർ മെട്രോ തുടങ്ങിയ ഫ്ലാഗ്ഷിപ്പ് പദ്ധതികൾ കേരളത്തെ നവവികസന പാതയിലേക്ക് നയിക്കുന്നതാണ്. സംസ്ഥാനത്തെ ക്രമസമാധാന പരിപാലനത്തിൽ ആഭ്യന്തര വകുപ്പ് വഹിക്കുന്ന പങ്ക് ഇന്ത്യയ്ക്ക് മാതൃകയാണ്. കുടുംബശ്രീയിലൂടെ 50 ലക്ഷത്തിലധികം സ്ത്രീകളെ സാമ്പത്തിക-സാമൂഹിക മുന്നേറ്റത്തിലേക്ക് നയിച്ച് ലിംഗസമത്വത്തിന്റെ പുതിയ മാതൃക കേരളം സൃഷ്ടിച്ചിട്ടുണ്ട്. കോങ്ങാട് നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ, കായിക, പൊതുവികസന പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ്. സമഗ്രവും ജനകീയവുമായ വികസന നേട്ടങ്ങൾ കൈവരിച്ച കേരളത്തിന്റെ മുന്നേറ്റത്തെ അടയാളപ്പെടുത്തുന്ന നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയിട്ടുള്ളത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത ആദ്യ സംസ്ഥാനമാകാൻ കേരളത്തിന് സാധിച്ചതും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി 2.0 ആവിഷ്കരിച്ചതും അഭിമാനകരമാണ്. സെമി ഹൈസ്പീഡ് റെയിൽ, തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലിങ്കുകൾ, ലെവൽ ക്രോസ് ഫ്രീ കേരള എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് ശ്രദ്ധേയമാണ്. ന്യൂനപക്ഷ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളേർപ്പെടുത്തിയതും കിഫ്ബി പദ്ധതിയിലൂടെ സ്കൂൾ-കോളേജ് കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുന്നതും പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നവീകരിച്ചതും ദേശീയപാത വികസന പദ്ധതി നടപ്പാക്കിയതും മലയോര-തീരദേശ ഹൈവേകൾ സ്ഥാപിച്ചതും "ഒരു പഞ്ചായത്ത്, ഒരു കളിസ്ഥലം" പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. വയനാട് തുരങ്ക പാതയും ഉന്നത നിലവാരമുള്ള റോഡുകളും സംസ്ഥാന വികസനത്തിന് മുതൽക്കൂട്ടാകും.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നിവ പൗരന്റെ അവകാശമാണെന്ന നിലയ്ക്കുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. തൊഴിൽ നയങ്ങളും സ്റ്റാർട്ടപ്പുകളും നിക്ഷേപത്തിലൂന്നിയുള്ള വികസനവും നവകേരള നിർമ്മിതിയുമാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കിയ തുക പലിശ സഹിതം തിരികെ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പുനർഗേഹം പദ്ധതി നടപ്പാക്കിയത് അഭിമാനകരമാണ്.

<u>ശ്രീ. മാത്യു ടി. തോമസ്:</u> ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന

പ്രസംഗത്തിന്മേൽ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ ചർച്ചയിൽ പ്രതിപക്ഷം പങ്കെടുക്കാത്തത് സഭയെ അഭിമുഖീകരിക്കാൻ അവർക്ക് ആത്മവിശ്വാസം നഷ്ടപ്പെട്ടുവെന്നതിന്റെ തെളിവാണ്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഒരു ആരോപണംപോലും ഉന്നയിക്കുവാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. പ്രതികൂല സാഹചര്യങ്ങളിലും ക്രമസമാധാനപരിപാലനം, ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം എന്നീ മേഖലകളിൽ സംസ്ഥാനത്തിന് ഒന്നാമതെത്താൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടുള്ള വികസനമാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും അർഹരായവർക്ക് പട്ടയങ്ങൾ വിതരണം ചെയ്യാനും വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വൈദ്യുതി എന്നീ രംഗങ്ങളിലെല്ലാം മികച്ച നേട്ടങ്ങൾ കൈവരിക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്.

ശ്രീ. വി. ജോയി: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഫെഡറൽ തത്വങ്ങൾക്ക് യാതൊരുവിധ പരിഗണനയും നൽകാതെ പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളോട് ഭരണഘടനാവിരുദ്ധമായ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. സമസ്ത മേഖലയിലും വികസന-ക്ഷേമ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

സഭ ഉച്ചയ്ക്കുശേഷം 12.53 ന് പിരിഞ്ഞു.